JD(Acd)|JD(Exam) Cp: Hayl Posted
Sr.A.O | Sr.F.O
55229

## കേരള സർക്കാർ

സംഗ്രഹം

പൊതുവിദ്യാഭ്യാസം - ഹയർസെക്കന്ററി വിദ്യാഭ്യാസം - ഗവൺമെന്റ്/എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക രക്ഷാകർതൃ സമിതിയുടെ (PTA) പ്രവർത്തനത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ - ഭേദഗതി - അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

### പൊതുവിദ്യാഭ്യാസ (റ്റി) വകുപ്പ്

സ.ഉ (കൈ) നം.196/2014/പൊ.വി.വ തീയതി, തിരുവനന്തപുരം 23/09/2014

പരാമർശം : 1) 25.06.2007-ലെ സ.ഉ(കൈ)നം.126/2007/പൊ.വി.വ
2) 18.07.2007-ലെ സ.ഉ(കൈ)നം.142/2007/പൊ.വി.വ
3) വൊക്കേഷണൽ ഹയർസെക്കന്ററി ഡയറക്ടറുടെ 12.12.2013-ലെ ഡി4/7134/13 നമ്പർ കത്ത്
4) ഹയർസെക്കന്ററി ഡയറക്ടറുടെ 21.04.2014-ലെ എസിഡി.സി4/13816/14/എച്ച്.എസ്.ഇ നമ്പർ കത്ത്
5) പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 09.06.2014-ലെ എച്ച്.1/28221/14/ഡി.പി.ഐ നമ്പർ കത്ത്

Acd. C
5/12/14

### ഉത്തരവ്

സംസ്ഥാനത്തെ ഗവൺമെന്റ്/എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക രക്ഷാകർതൃ സമിതിയുടെ (Parent Teacher's Association - PTA) പ്രവർത്തനത്തിന് പുതുക്കിയ മാർഗ്ഗ നിർദ്ദേശങ്ങൾ അംഗീകരിച്ച് പരാമർശം 1 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിലെ 3.15, 3.16 എന്നീ ഖണ്ഡികകളിൽ ഭേദഗതി വരുത്തിക്കൊണ്ട് പരാമർശം 2 പ്രകാരം ഉത്തരവായിരുന്നു.

2) പരാമർശം 3,4,5 പ്രകാരമുള്ള വൊക്കേഷണൽ ഹയർസെക്കന്ററി ഡയറക്ടറുടെയും, ഹയർസെക്കന്ററി ഡയറക്ടറുടെയും, പൊതു വിദ്യാഭ്യാസ ഡയറക്ടറുടെയും ശുപാർശകളുടെ വെളിച്ചത്തിൽ പരാമർശം 1 സർക്കാർ ഉത്തരവിലെ ഖണ്ഡിക 2.5, 3.3 എന്നിവയിലെ മാർഗ്ഗ നിർദ്ദേശങ്ങൾ ചുവടെ ചേർക്കുംവിധം ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഖണ്ഡിക 2.5**

''ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പൽ പി.റ്റി.എ-യുടെ എക്സ് ഒഫിഷ്യോ സെക്രട്ടറിയും, വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂൾ പ്രിൻസിപ്പൽ എക്സ് ഒഫിഷ്യോ ജോയിന്റ് സെക്രട്ടറിയും, ഹെഡ്മാസ്റ്റർ എക്സ് ഒഫിഷ്യോ ഖജാൻജിയും ആയിരിക്കും. വൊക്കേഷണൽ ഹയർസെക്കന്ററി വിഭാഗം നിലവിലില്ലാത്ത സ്കൂളുകളിൽ ഹയർ സെക്കന്ററിയിലെ ഏറ്റവും സീനിയർ ആയ അദ്ധ്യാപകൻ ജോയിന്റ് സെക്രട്ടറിയും ഹയർസെക്കന്ററി വിഭാഗം നിലവിലില്ലാത്ത സ്കൂളുകളിൽ ഏറ്റവും സീനിയർ ആയ വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂൾ അദ്ധ്യാപകൻ ജോയിന്റ് സെക്രട്ടറിയും ആയിരിക്കും. ഹൈസ്കൂൾ/എൽ.പി/യു.പി സ്കൂളുകളിൽ ഹെഡ്മാസ്റ്റർ എക്സ് ഒഫിഷ്യോ

സെക്രട്ടറിയും ഡെപ്യൂട്ടി ഹെഡ്മാസ്റ്റർ, ഏറ്റവും സീനിയർ ആയ അദ്ധ്യാപകൻ എന്നിവർ യഥാക്രമം ജോയിന്റ് സെക്രട്ടറിയും ഖജാൻജിയും ആയിരിക്കും.''

**ഖണ്ഡിക 3.3**

''സ്കൂൾ പ്രവേശന സമയത്തും മറ്റും രക്ഷിതാക്കളിൽ നിന്ന് ശേഖരിക്കുന്ന പി.ടി.എ അംഗത്വ തുക മുഴുവനായും അടുത്ത പ്രവർത്തി ദിവസം തന്നെ പി.ടി.എ അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണ്. ഇതിനായി സമീപത്തുള്ള ദേശസാൽകൃത ബാങ്കിലോ, സഹകരണ ബാങ്കിലോ, പോസ്റ്റ് ഓഫീസ് സേവിംഗ്സ് ബാങ്കിലോ പ്രസിഡന്റ്, സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, ഖജാൻജി എന്നിവരുടെ പേരിൽ ജോയിന്റ് അക്കൗണ്ട് ആരംഭിക്കേണ്ടതാണ്. പി.റ്റി.എ പ്രസിഡന്റിനെ കൂടാതെ സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, ഖജാൻജി എന്നിവരിൽ ഒരാൾ കൂടി ഒപ്പിട്ട് മാത്രമേ അക്കൗണ്ടിൽ നിന്ന് തുക പിൻവലിക്കുവാൻ പാടുള്ളൂ.''

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**പി.എം.തോമസ്,**
അഡീഷണൽ സെക്രട്ടറി

ഡയറക്ടർ, ഹയർ സെക്കന്ററി വിദ്യാഭ്യാസം, തിരുവനന്തപുരം
വൊക്കേഷണൽ ഹയർസെക്കന്ററി ഡയറക്ടർ, തിരുവനന്തപുരം
പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
എല്ലാ പൊതുവിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർ
എല്ലാ മേഖലാ ഹയർസെക്കന്ററി ഡയറക്ടർമാർ
എല്ലാ പൊതുവിദ്യാഭ്യാസ ജില്ലാ ഓഫീസർമാർ
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ ഓഫ് പഞ്ചായത്ത്/ഡയറക്ടർ ഓഫ് അർബൻ അഫയേഴ്സ്, തിരുവനന്തപുരം
പൊതുവിദ്യാഭ്യാസ (ജെ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

**അംഗീകാരത്തോടെ**

**സെക്ഷൻ ഓഫീസർ**

Endt. No. Acd C4/55229/HSE/2014 Dated:

For information and necessary action.

DIRECTORATE OF HIGHER SECONDARY EDUCATION
Thiruvananthapuram
Date

10/12/14
Joint Director²
(Academic)

To,
1. Regional Deputy Director
Tvpm/KTYM/EKM/MLPM/KKD/KNR
2. All higher Secondary School principals.